

Class 8 First Term Exam 2023-24 MalayalamII Answer key by
Suresh Areekode sir.

| Qn. No | Evaluation Points | Score (Total 40) |
|---|---|---|
| 1 | ബാല്യം | 1 |
| 2 | പരിഹാസം | 1 |
| 3 | കോണിപ്പടികൾ- കോണി, പടികൾ | 1 |
| 4 | കാര്യങ്ങൾ മുഴുട്ടി മനസ്സിലാക്കാൻ കഴിയാത്തവർ | 1 |
| 5 | " അമ്മയ്ക്ക് നൽകുവാൻ ചെമ്മുള്ള ചേലകൾ<br>നന്ദൻതൻ കൈയിലെ നൽകിച്ചൊന്നാൻ " | 1 |
| 6 | ഇത്തിരി + മണ്ണ് + ഇല്ലാതെ + എത്ര + പേർ | 2 |
| 7 | ➢ മുറ്റത്തിന് ഐശ്വര്യം ചാർത്തുന്ന തുമ്പ -വിശുദ്ധിയുടെ, ശാന്തിയുടെപ്രതീകം<br>➢ തുമ്പ പോലെ ഏറ്റവും ഉദാത്തമായ നന്മയും സാന്ത്വനവും സ്നേഹവുമാണ് അമ്മയുടേത്. | 2 |
| 8 | ◆ പ്രലോഭിപ്പിക്കുന്ന അല്ലെങ്കിൽ ഭ്രമിപ്പിക്കുന്ന പലതരം കാഴ്ചകളുടെയും സാഹചര്യങ്ങളിലൂടെയുമാണ് മനുഷ്യൻ കടന്നു പോവുന്നത്. അതിൽ ആകൃഷ്ടരായി ജീവിക്കുമ്പോൾ ജീവിതത്തിൽ വിലപ്പെട്ട പലതും നമുക്ക് നഷ്ടമാകും.<br>◆ മൂല്യങ്ങളിൽ അടിയുറച്ച് ജീവിക്കണം എന്നതാണ് ജ്ഞാനിയുടെ ഈ ഓർമപ്പെടുത്തലിലെ സൂചന. | 2 |
| 9 | ➢ മാർക്കോസ് ചേട്ടന്റെ മാനസികാവസ്ഥ പ്രകടിപ്പിക്കാൻ പര്യാപ്തം<br>➢ മണ്ണിനേയും കൃഷിയും ജീവന തുല്യം സ്നേഹിച്ചകഠിനാധ്വാനി.<br>➢ അത്യാധ്വാനം കൊണ്ട് കരുപ്പിടിപ്പിച്ച കുറേ വാഴകളാണ് ആ പുരയിടത്തിന്റെ പച്ചപ്പ് .<br>➢ വാഴകളെ മക്കൾക്ക് തുല്യം സ്നേഹിക്കുന്നു<br>➢ വാഴവെട്ടുന്നതിനേക്കൾ ഭേദം മക്കളെ വെട്ടുന്നത് എന്ന ചിന്ത<br>➢ ജിവിതം കരുപിടിപ്പിക്കാൻ തന്നേ കഷ്ടപ്പെടുകയാണ് മാർക്കോസ് ചേട്ടൻ. ആ സാഹചര്യത്തിലാലാണ് രോഗ ഭീഷണി ആരോപിച്ച് വാഴകൾ വെട്ടികളയുന്നതിനുള്ള ഉത്തരവിറങ്ങുന്നത് .<br>➢ ഇത് മാർക്കോസ് ചേട്ടന്റെ ജിവിതത്തിലുണ്ടാക്കുന്ന പ്രതസന്ധിയും ചിന്തകളുമാണ് കഥയുടെ പ്രമേയം. | 4 |
| 10 | ➢ വരികൾ ഇക്കാലത്തും പ്രസക്തം.<br>➢ വീടുവെക്കാൻ ഇടമില്ലാതെ പുറമ്പോക്കിൽ ജീവിക്കുന്നവരേയും ഫ്ലാറ്റിലെ ബാൽക്കണിയിൽ ജീവിതം ആഘോഷിക്കുന്നവരേയും ഈ വരികളിലൂടെ സൂചിപ്പിക്കുന്നു.<br>➢ ഒരു തരി മണ്ണോ, തല ചായ്ക്കാൻ ഒരിടമോ ഇല്ലാത്ത അവസ്ഥകൾ ഇന്നും | 4 |

| | | | |
|---|---|---|---|
| | ഉണ്ട് <br> ➢ സർക്കാർ പദ്ധതികൾ ഉണ്ടെങ്കിലും ഇപ്പോഴും ദുരിതമനുഭവിക്കുന്നവർ <br> ➢ കൊച്ചു വീടിന്റെ കൂട്ട മാത്രമുള്ളവർക്ക് എങ്ങനെയാണ് ഓണവും പൂക്കളുമുണ്ടാകുന്നത് എന്ന ചോദ്യം ഇപ്പോഴും പ്രസക്തം | |
| 11 | ➢ പ്രത്യാശയാണ് ജീവിതത്തെ പ്രസന്നതയോടെ മുന്നോട്ട് നയിക്കാൻ നമുക്ക് പ്രേരണയാകുന്നത്. <br> ➢ പ്രത്യാശയുണ്ടെങ്കിൽ ജീവിതത്തിൽ ആനന്ദവും ഭാവിയെപ്പറ്റി തെളിവാർന്ന ചിന്തയും ഉണ്ടാകും. <br> ➢ ഏത് തരത്തിലുള്ള പ്രതിസന്ധികളിലും പ്രതീക്ഷയോടെ പ്രത്യാശ പുലർത്തി ജിവിതത്തിന്റെ ഉയർന്ന തലങ്ങൾ എത്തിപ്പിടിക്കാൻ നമുക്ക കഴിയണം. <br> ➢ എത്ര തന്നെ വെട്ടിനശിപ്പിച്ചാലും ഇതിൽ നിന്നു തളിർത്തുവരുന്നവയാണ് ചില്ലകൾ-അതുപോലെ <br> ➢ മൂല്യങ്ങൾ കാത്തു സൂക്ഷിക്കുന്നവർക്ക് ജീവിതത്തിൽ വളർച്ചയുണ്ടാകും. <br> [സ്നേഹം, കരുണ,നന്മ,സഹാനുഭൂതി,വിശ്വാസം,സഹകരണം,സഹവർത്തിത്വം,സഹനത, തുടങ്ങിയവയെല്ലാം ജീവിത മൂല്യങ്ങളാണ്] | 4 |
| 12 | ➢ മാർക്കോസ് ചേട്ടന്റെ വാക്കുകൾ ഏറെ പ്രസക്തമാണ്. <br> ➢ കർഷകരുടെ അധ്വാനത്തിന്റെ വിലയറിയാത്ത നിയമ വ്യവസ്ഥ <br> ➢ രോഗം ഉണ്ടെന്ന് പറഞ്ഞ് വാഴകൾ മുഴുവൻ വെട്ടിക്കളയാൻ പറയുന്നതിനോടുള്ള ചങ്കുപൊട്ടിയ പ്രതിഷേധമാണ് വരികൾ <br> **പ്രതികരണങ്ങൾ:** നിയമ വ്യവസ്ഥ കർഷകന് അനുകൂലമാകണം ,മാനുഷികത പരിഗണിക്കണം, കർഷകർക്ക് സഹായമാകും വിധം <br> കാർഷിക ക്ലിനിക്കുകൾ യഥാസമയം ലഭ്യമാക്കുകയാണ് വേണ്ടത് | 4 |
| 13 | ➢ ശരീരവും മനസ്സും സുഖങ്ങളുടെ പിന്നാലെ പായുന്ന അപകടം നിറഞ്ഞ കാലമാണ് കൗമാരകാലം. <br> ➢ ആകുലചിന്തകൾ,തീരാത്ത പക, തിളയ്ക്കുന്ന സ്നേഹം ഇവയെല്ലാം കൗമാരത്തിലെ പ്രത്യേകതകളാണ്. <br> ➢ ആപത്തുകൾ എവിടെയും പതിയിരിക്കുന്ന കൗമാരത്തിൽ ആരോടും ചേരുവാനാകാതെ വെറുപ്പും പകയും നിറഞ്ഞു നിൽക്കും. <br> ➢ വേഗം അപകടം എന്നിവയെല്ലാം വൈദ്യുത വീചിയുടെ പ്രത്യേകതകളാണ് <br> ➢ പെട്ടെന്ന് പ്രതികരിക്കുന്ന സ്വഭാവം | 4 |
| 14 | ➢ ഓരോരുത്തരും ജീവിതം ആസ്വദിക്കുമ്പോഴും ജീവിത മൂല്യങ്ങൾ കാത്തുസൂക്ഷിക്കണമെന്ന് എണ്ണ നിറച്ച കരണ്ടി ഓർമിപ്പിക്കുന്നു. <br> ➢ സുഖ ഭോഗങ്ങൾക്ക് പിന്നാലെ പായുമ്പോൾ - ജീവിതം നഷ്ടമാകുന്ന പുതു തലമുറ <br> ➢ ലക്ഷ്യം പ്രധാനമാണ് - കരണ്ടിയിലെ എണ്ണ നഷ്ടപ്പെടുകയും ചെയ്യരുത് <br> ➢ അതുപോലെ തന്നെ യന്ത്രവത്കൃത ലോകത്തിൽ കഴിയുമ്പോഴും ഗ്രാമത്തിന്റെ നന്മയുംശുദ്ധിയും മണവും സ്നേഹ ബന്ധങ്ങളും മനസ്സിൽ | 4 |

| | | |
|---|---|---|
| | സൂക്ഷിക്കണം<br>➢ മാനവികത നഷ്ടമാകുന്ന പുതിയ ലോകത്ത് ജ്ഞാനിയുടെ വാക്കുകൾ ഏറെ പ്രസക്തമാണ് | |
| 15 | ➢ കത്തിന്റെ ഘടന പാലിച്ചിട്ടുണ്ട്<br>➢ അഭിസംബോധന<br>➢ കുശലാന്വേഷണങ്ങൾ<br>➢ മധുരമാർന്ന ഓർമകൾ പങ്ക് വെച്ച എഴുത്ത്<br>➢ ലളിതമായ ഭാഷ | 6 |
| 16 | ➢ **അഭിസംബോധന**<br>➢ **വിഷയാവതരണം**<br>➢ **പ്രസംഗശൈലി സ്വീകരിച്ചിട്ടുണ്ട്**<br>➢ ജീവിതമൂല്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത<br>➢ പാഠസന്ദർഭങ്ങൾ ചേർത്ത അവതരണം<br>➢ സന്തോഷത്തിന്റെ രഹസ്യം.<br>➢ ലക്ഷ്യം പ്രാധാന്യമായിക്കണ്ട് ആത്മാർത്ഥമായി ശ്രമിക്കുന്നവർക്കൊപ്പം പ്രപഞ്ചം മുഴുവൻ ഉണ്ടാകുമെന്ന സന്ദേശം | 6 |
| 17 | ➢ ഉപന്യാസം : തലക്കെട്ട്<br>➢ മാർക്കോസ് കഥാപാത്രം - ദയനീയ കർഷകൻ – രൂപം<br>➢ കൃഷി പ്രധാന വരുമാനം - അന്നേന്നപ്പം<br>➢ വാഴകളെ മക്കൾക്കു തുല്യം സ്നേഹിക്കുന്നു.<br>➢ കർഷകരെ ഉണക്കാത്ത നിയമങ്ങളോട് പുച്ഛം<br>➢ രോഗമില്ലാത്ത തന്റെ വാഴകൾ വെട്ടി മാററണമല്ലോ എന്ന് ചിന്തിച്ച് തകർന്നു പോകുന്നു.<br>➢ നിരാലംബരായ കർഷകരുടെ പ്രതിനിധിയായി മാറുന്നു | 6 |
| | | |

Visit www.shenischool.in To Join our Telegram Group https://t.me/joinchat/VggdwFAM7WwuQOC1